ശ്രീ. കെ.ആർ.ചന്ദ്രമോഹനൻ :

,, എം.കെ.കേശവൻ :

,, കെ.ടി.കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഓണക്കാലത്ത് ഓണച്ചന്തകളിൽക്കൂടി ഏതെല്ലാം സാധനങ്ങളാണ് വിൽപ്പന നടത്തിയത് ;

(ബി) ഓണച്ചന്തകളും മുഖേന സിവിൽസപ്ലൈസ് കോർപ്പറേഷന് ഉണ്ടായ ലാഭം എത്ര ?

ഉത്തരം

(എ) അരി, പയറുവർഗ്ഗങ്ങൾ, പഞ്ചസാര, ശർക്കര, വെളിച്ചെണ്ണ മുതലായവയും പച്ചക്കറികളുമാണ് ഓണച്ചന്തകളിൽക്കൂടി വിൽപ്പന നടത്തിയത്.

(ബി) കഴിഞ്ഞ ഓണച്ചന്തകളുടെ ലാഭനഷ്ടക്കണക്കുകൾ തിട്ടപ്പെടുത്തി കഴിഞ്ഞിട്ടില്ല.

ഇറക്കുമതി ചെയ്ത അരി

1586. [2354] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1982-83, 1983-84 1984-85, 1985-86 എന്നീ കൊല്ലങ്ങളിൽ ഇറക്കുമതി ചെയ്ത അരിയുടെ കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

1982-83 മുതൽ 1985-86 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാർ അരി ഇറക്കുമതി ചെയ്തിട്ടില്ല.

മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ മൊത്ത വിൽപ്പന

1587. [2355] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 വർഷത്തിലും ഈ വർഷം 25-10-1986 വരെയും, സിവിൽ സപ്ലൈസ് കോർപ്പറേഷൻ റേഷൻകടകളിലൂടെയും, മാവേലി സ്റ്റോറുകളിലൂടെയും വിൽക്കാനായി വാങ്ങിയ അരി, പയറുവർഗ്ഗങ്ങൾ തുടങ്ങിയ സാധനങ്ങൾ മൊത്തമായി സഹകാര്യ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും വിൽക്കുകയുണ്ടായോ ;

(ബി) എങ്കിൽ, ഓരോ വ്യക്തിക്കും, സ്ഥാപനത്തിനും മേൽപ്പറഞ്ഞ കാലത്തു വിറ്റ സാധനങ്ങളുടെ വിലവിവരം നൽകാമോ ;

(സി) പ്രസ്തുത സാധനങ്ങൾക്ക്, കോർപ്പറേഷന് ഇവിടെ എത്തിക്കുന്നതിനു വേണ്ടിവന്ന ആകെ ചെലവ് എത്രയാണ് ;

(ഡി) എത്ര സംഖ്യക്കാണ് വിറ്റത് ;

(ഇ) ഇതുമൂലം വന്ന നഷ്ടം എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മാവേലി സ്റ്റോറുകളിലൂടെയും, റേഷൻകടകളിലൂടെയും മേൽപ്പറഞ്ഞ സാധനങ്ങൾ വിൽക്കാതിരിക്കാനുണ്ടായ കാരണമെന്തായിരുന്നു ;

(ജി) ഇതുമൂലം വന്ന നഷ്ടത്തിന് ആരാണുത്തരവാദികൾ ;

(എച്ച്) ഉത്തരവാദികളായവരിൽനിന്ന് നഷ്ടം വന്ന സംഖ്യ ഈടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റേഷൻകടകളിലൂടെയും മാവേലി സ്റ്റോറുകളിലൂടെയും വിൽക്കാനായി വാങ്ങിയ സാധനങ്ങൾ ഒന്നുംതന്നെ മൊത്തമായി സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വിറ്റിട്ടില്ല

(ബി, സി, ഡി, ഇ, എഫ്, ജി, എച്ച്) ചോദ്യം ഉദിക്കുന്നില്ല.

വിദ്യുച്ഛക്തി ബോർഡിന്റെ ആഫീസുകൾ

1588. [2356] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ കാനം രാജേന്ദ്രൻ :
,, കെ പി. പ്രഭാകരൻ :
,, കെ. ടി. കുമാരൻ :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ കീഴിലുള്ള എത്ര ആഫീസുകൾ നിർത്തലാക്കി ;

(ബി) അവ ഏതെല്ലാം ആഫീസുകളാണെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭരണപരമായ സൗകര്യങ്ങൾ മുൻനിർത്തി ആഫീസുകളുടെ സംവിധാനത്തിൽ ചില ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷേ ആഫീസുകൾ നിർവഹിക്കേണ്ട ചുമതലകളുടെ അടിസ്ഥാനത്തിൽ നോക്കുന്നപക്ഷം ആഫീസുകൾക്ക് പുതിയ പേരു കൊടുത്തുവെന്നല്ലാതെ അവ നിർത്തിയെന്നു പറയുന്നതു ശരിയായിരിക്കുകയില്ല.

(ബി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

ഈ വർഷം ആരംഭിക്കുന്ന ജല വൈദ്യുത പദ്ധതികൾ

1589. [2358] ശ്രീ. ടി. കെ. ഹംസ :
,, വി ജെ. തങ്കപ്പൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, എം. ജിനദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ വർഷം സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് ?

LIBRARY ARCHIVES Kerala Legislative Assembly